**POLICE DEPARTMENT**

**KERALA**

**No. G2-97070/2015/K**
District Police Office,
Kottayam
spktym.pol@kerala.gov.in
04812562204
Dated. 04-01-2017

## ലേല പരസ്യം

കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന താമസയോഗ്യമല്ലാത്ത പോലീസ് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ (PC Quarters No. E-1, E2, E9, E-10, E-11, E-12, E-13, E-14, E-19, E-20, E-25, E-26, E-31, E-32, SI Quarter No. C1) ലേലം ചെയ്ത് പൊളിച്ചുനീക്കുന്നതിനായി 20-01-2017 തീയതി രാവിലെ 11 മണിയ്ക്ക് ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരതദ്രവ്യമായ 3000 രൂപാ ( മൂവായിരം രൂപാ മാത്രം) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരതദ്രവ്യമായ സംഖ്യ അടച്ചതിൻറെഡിമാൻറ് ഡ്രാഫ്റ്റ് (കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ) സഹിതം 18-01-2017 തീയതി ഉച്ചയ്ക്ക് 3.00 മണിവരെ ഏറ്റുമാനൂർ സർക്കിൾ ഇൻസ്പെക്ടർ മുൻപാകെ സമർപ്പിക്കാവുന്നതാണ്. ദർഘാസ് അടങ്ങിയ കവറിനു പുറത്ത് “പോലീസ് ഡിപ്പാർട്ട്മെൻറ് വക ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ ക്വാർട്ടേഴ്സ് കെട്ടിടം ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ്” എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേലസ്ഥലത്ത് കൃത്യസമയത്ത് ഹാജരാകേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ, ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തികൊടുക്കുന്നതാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേലതുകയുടെ പകുതിയും KVAT അടച്ച് രസീത് വാങ്ങേണ്ടതും ബാക്കി തുക (നിരതദ്രവ്യം കഴിച്ച്) നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി പത്ത് ദിവസത്തിനകം അടച്ച് കെട്ടിടം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും പൊളിച്ച് നീക്കം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കില്ഴൽ ടിയാൻ അടച്ച തുക സർക്കാറിന് മുതൽ കൂട്ടുന്നതും കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

മേൽ സൂചിപ്പിച്ച കെട്ടിടം പരിശോധിക്കണമെങ്കിൽ പ്രവൃത്തി ദിവസങ്ങളിൽ 11 മുതൽ 4 മണിവരെ ഏറ്റുമാനൂർ പോലീസ് ഇൻസ്പെക്ടറുടെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുൻ അറിയിപ്പോ, കാരണമോ കാണിക്കാതെ ലേല തീയതി മാറ്റി വയ്ക്കുന്നതിനോ ലേലം ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോട്ടയം ജില്ലാ പോലീസ് മേധാവിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

Vinod Pillai
Deputy Superintendent of Police

G2-97070/2015/K
1aaa1c

For District Police Chief

To : സി ഐ ഏറ്റുമാന്നൂർ തുടർ നടപടികൾക്കായി

Copy To : എല്ലാ ഡി വൈ എസ് പി -മാർക്കും, എ സി എ ആർ , എല്ലാ എസ് എച്ച് ഓ -മാർക്കും : അറിവിലേക്കായി

Internal Administrative Processing System
iAPS
KERALA POLICE